എം.എസ്.എ റസാഖ്
msarazak@hotmail.com

# പലിശ സൃഷ്ടിക്കുന്ന ആപത്തുകൾ

عَنِ ابْنِ مَسْعُودٍ رَضِي الله عَنه قَالَ: لَعَنَ رَسُولُ اللهِ صلى الله عليه وسلم آكِلَ الرِّبَا وَمُوكِلَهُ (رواه مسلم) زاد الترمذي وَغَيْرُهُ: وَشَاهِدَيْهِ وَكَاتِبَهُ

**ഇബ്നു മസ്ഊദ് (റ) പറയുന്നു: പലിശ തിന്നുന്നവനെയും അത് തീറ്റിക്കുന്നവനെയും നബി (സ) ശപിച്ചിരിക്കുന്നു (മുസ്‌ലിം). 'അതിന്റെ ഇരുസാക്ഷികളെയും എഴുതിവെക്കുന്നവനെയും ശപിച്ചിട്ടുണ്ട്' എന്ന് തിർമിദിയിലും മറ്റുമുണ്ട്.**

ധനികൻ തന്റെ മൂലധനത്തിന് മറ്റൊരാളിൽനിന്ന് ഈടാക്കുന്ന വർധനവാണ് പലിശ. പലിശയെ ഖുർആൻ ഖണ്ഡിതമായി വിലക്കിയിരിക്കുന്നു. പലിശയിടപാട് ഏഴ് വൻപാപങ്ങളിൽ ഒന്നായി ഇസ്‌ലാം എണ്ണുന്നു. വിനാശകരമായ പലിശ ഭുജിക്കുന്നവനെ ഇഹലോകത്ത് നാശത്തിലകപ്പെടുത്തുകയും പരലോകത്ത് ശിക്ഷിക്കുകയും ചെയ്യും. പലിശയിടപാടിൽ പങ്കുവഹിക്കുന്ന എല്ലാവരെയും അല്ലാഹുവിന്റെ ദൂതൻ ശപിച്ചിരിക്കുന്നതായി മേൽകൊടുത്ത ഹദീസ് താക്കീത് ചെയ്യുന്നു. 'അറിഞ്ഞുകൊണ്ട് ഒരാൾ ഭക്ഷിക്കുന്ന പലിശയുടെ ഒരു ദിർഹമിനു പോലും മുപ്പത്തിയാറ് വ്യഭിചാരത്തേക്കാൾ കഠിനമായ പാപമുണ്ട്' എന്ന് ഇമാം അഹ്മദ് റിപ്പോർട്ട് ചെയ്ത ഹദീസിലുണ്ട്.

അന്യരുടെ അധ്വാനത്തെ ചൂഷണം ചെയ്യുന്നതാണ് പലിശ. പലിശയിടപാട് സമൂഹത്തിൽ സൃഷ്ടിക്കുന്ന വിപത്ത് ചില്ലറയല്ല. സാമ്പത്തികവും സാമൂഹികവും ധാർമികവുമായ ഒട്ടേറെ പ്രശ്നങ്ങൾ പലിശ സൃഷ്ടിക്കുന്നു. മൗലാനാ മൗദൂദിയുടെ വാക്കുകളിൽ 'പലിശ ധാർമികവും ആത്മീയവും സാമ്പത്തികവും നാഗരികവുമായ പുരോഗതിക്ക് വിഘാതമാണ്.' പലിശ വ്യക്തികൾക്കിടയിൽ ശത്രുത ഉണ്ടാക്കുകയും സഹകരണ മനോഭാവം നശിപ്പിക്കുകയും ചെയ്യുന്നു. അത് മനുഷ്യരിൽ സ്വാർഥത വളർത്തുന്നു. സുഖലോലുപരും ആഡംബരപ്രമത്തരുമായ ധനികവർഗത്തെ സൃഷ്ടിക്കുന്നു. ആവശ്യക്കാരനെ കൂടുതൽ കഷ്ടപ്പെടുത്തുന്ന ചൂഷണോപാധിയാണ് പലിശ. രാജ്യങ്ങളെ സംബന്ധിച്ചേടത്തോളം അത് കോളനി വാഴ്ചക്ക് വഴിയൊരുക്കും. സാധാരണക്കാരെയും സമ്പന്നരെയും മധ്യജീവിത നിലവാരത്തിലുള്ളവരെയുമെല്ലാം പലിശ കടത്തിൽ മുക്കിക്കൊല്ലും. പലിശ സൃഷ്ടിക്കുന്ന പ്രത്യാഘാതത്തെ അനാവരണം ചെയ്യുന്നതാണ് കേരളത്തിലെ 'ബ്ലെയ്ഡ്' എന്ന പദപ്രയോഗം. മൂർച്ചയുള്ള ബ്ലെയ്ഡ് മനുഷ്യനെ അറുത്തു മുറിക്കുന്ന പോലെ പലിശയിടപാട് അവനെ അറുത്തുമുറിച്ച് ഉന്മൂലനം ചെയ്യുന്നു.

പണം ഉണ്ടാക്കുക, ധനികനാവുക എന്നതൊക്കെ ഏതൊരു മനുഷ്യന്റെയും മോഹമാണ്. ആ മോഹം ദുരാഗ്രഹമായി വളരുമ്പോഴാണ് അവൻ പലിശയിടപാടിലേക്ക് നീങ്ങുന്നത്. അതോടെയവൻ സ്വാർഥിയും ധനപൂജകനും ഷൈലോക്ക് മനസ്കനുമാകുന്നു. അടിസ്ഥാന ജീവിതാവശ്യങ്ങൾ നിർവഹിക്കാൻ പലിശയുമായി ബന്ധപ്പെടുന്നവർ പൊതുവിൽ കുറവാണ്. വട്ടിപ്പലിശക്കാരിൽനിന്നും കൊള്ളപ്പലിശക്കാരിൽനിന്നും പണം കടംവാങ്ങി ബിസിനസ് സംരംഭങ്ങൾ വികസിപ്പിക്കാൻ വെമ്പുന്നവർ ഭാരിച്ച പലിശ തിരിച്ചടക്കാൻ കഴിയാതെ വൻബാധ്യതയിൽ അകപ്പെടുന്നു. അവസാനം ഉള്ളതെല്ലാം വിറ്റു പെറുക്കിയാലും ലക്ഷങ്ങളും കോടികളും പിന്നെയും കടമായി ബാക്കിയുണ്ടാവും. ജപ്തിയിലേക്കും മറ്റും അത് നീങ്ങും. പലിശക്കെണിയിൽപെട്ട് കടം തിരിച്ചടക്കാനാവാതെ കുടുംബം ഒന്നാകെ ആത്മഹത്യ ചെയ്യുന്ന സംഭവങ്ങളും വിരളമല്ല. മിക്കവരും ജീവിതത്തിന്റെ അടിസ്ഥാനാവശ്യ

ങ്ങൾ നിറവേറ്റാനല്ല പലിശക്ക് കടം വാങ്ങുന്നത്. മറിച്ച്, ആഡംബര വീടുകൾ വെക്കാനും ആഡംബര കാറുകൾ വാങ്ങാനും അടിപൊളി ജീവിതത്തിനുമൊക്കെയായിരിക്കും.

പലിശ നീരാളിയെ പോലെ മനുഷ്യനെ വരിഞ്ഞുമുറുക്കും. അത് സൃഷ്ടിക്കുന്ന സാമ്പത്തിക ഊരാക്കുടുക്കിൽനിന്ന് രക്ഷപ്പെടുക എളുപ്പമല്ല. ഉൽപാദന മാന്ദ്യത്തിനും സംരംഭങ്ങൾ തകരുന്നതിനും പലിശ നിമിത്തമാകുന്നു. അല്ലാഹുവും റസൂലും ഹറാമാക്കിയതും വിലക്കിയതുമായ പലിശയുമായി ബന്ധപ്പെടുന്നതിലും പലിശക്ക് കടമെടുത്ത് ജീവിത സൗകര്യങ്ങൾ വർധിപ്പിക്കുന്നതിലും ബിസിനസ് തുടങ്ങുന്നതിലും സമൂഹം മൊത്തത്തിൽ വേണ്ടത്ര ജാഗ്രത പുലർത്തിക്കാണുന്നില്ല. വളരെ ഉദാസീന മനോഭാവമാണ് പലർക്കുമുള്ളത്. തദ്സംബന്ധമായ ഇസ്‌ലാമിക വിധികൾ അവർ ഗൗരവത്തിലെടുക്കാതെ ലാഘവബുദ്ധിയോടെ സമീപിക്കുന്നു. മതഭക്തരായി കരുതപ്പെടുന്നവർ പോലും ബിസിനസ് മേഖലയിൽ പലിശ ആകാമെന്ന നിലക്ക് പ്രവർത്തിക്കുന്നതു കാണാം. ഇത് അപകടകരമാണെന്ന് സമുദായം തിരിച്ചറിയേണ്ടിയിരിക്കുന്നു.

പലിശ തിന്നുന്നവന് ഐശ്വര്യമുണ്ടാകുന്നില്ല. സാധാരണക്കാരുടെ പ്രയാസങ്ങളോ വിഷമതകളോ അവന് പ്രശ്നമല്ല. മാനുഷികതയോ വിട്ടുവീഴ്ചയോ കാരുണ്യമോ അവനിൽനിന്ന് പ്രതീക്ഷിക്കാവതല്ല. പലിശ തിന്നുന്നവൻ പിശാചുബാധയേറ്റവനെപ്പോലെയാണ് പെരുമാറുകയെന്ന് ഖുർആൻ നൽകുന്ന ഉപമ ശ്രദ്ധേയമാണ്. പിലശക്കാരൻ ഭ്രാന്തും ലഹരിയും ബാധിച്ചവനെ പോലെ പ്രവർത്തിക്കും. ധനം സമ്പാദിക്കാൻ ഭ്രാന്തന്മാരെപ്പോലെ എന്തും ചെയ്യും. ബുദ്ധിഭ്രമം സംഭവിച്ചവനെപ്പോലെ പണത്തിനു പിന്നാലെ പായും. ദീനാനുകമ്പയും സ്നേഹവും സാഹോദര്യവുമൊന്നും അവന്റെ പരിഗണനയിൽ ഉണ്ടാവില്ല. പലിശ തിന്നുന്നവൻ പരലോകത്ത് ഉയിർത്തെഴുന്നേൽപിക്കപ്പെടുക ഭ്രാന്തു ബാധിച്ചവനെപ്പോലെയായിരിക്കുമെന്ന് ഇബ്നു അബ്ബാസ് (റ) പറയുകയുണ്ടായി. പലിശ തിന്നുന്നവന് അതിഭീകരവും ബീഭത്സവുമായ ശിക്ഷയാണ് പരലോകത്ത് ലഭിക്കുകയെന്ന് നബി (സ) താക്കീതു നൽകിയിട്ടുണ്ട്. പലിശ മുതൽ കൊണ്ട് വയർ നിറച്ചവൻ പരലോകത്തു വരിക വീടുകളെപ്പോലെ വലിയ വയറുമായിട്ടായിരിക്കുമെന്ന് നബി (സ) പറയുകയുണ്ടായി (അബൂദാവൂദ്).

അബൂഹുറയ്റയിൽനിന്ന് നിവേദനം. നബി (സ) പറഞ്ഞു: 'പലിശ എഴുപതിൽപരം ഇനങ്ങളുണ്ട്. അതിൽ ഏറ്റവും ചെറിയ ഇനം ഒരാൾ തന്റെ മാതാവുമായി ശയിക്കുകയെന്നതുപോലെയാണ്' (ബൈഹഖി). എന്നാൽ, ഇപ്പോൾ പലിശയുമായി ബന്ധപ്പെടുന്നവരിൽ സമൂഹത്തിൽ മാന്യന്മാരായി വിലയിരുത്തപ്പെടുന്നവരുമുണ്ട്. അത്തരക്കാർ നമ്മുടെ നാട്ടിൽ പള്ളിക്കമ്മിറ്റിയടക്കം മതസ്ഥാപനങ്ങളുടെ ഭാരവാഹികൾ വരെ ആകുന്നവരുണ്ട്. പലിശയെ ലാഘവബുദ്ധിയോടെ വീക്ഷിക്കുന്നതുകൊണ്ടാണിത്. ഇമാം മാലിക് (റ) പറയുന്നു: 'അല്ലാഹുവിന്റെ ഗ്രന്ഥം ഞാൻ പരിശോധിച്ചു. കുഫ്ർ കഴിഞ്ഞാൽ പലിശയേക്കാൾ വലിയ മറ്റൊരു പാപമുള്ളതായി എനിക്ക് കാണാൻ കഴിഞ്ഞില്ല. കാരണം മറ്റൊരു പാപത്തിനും അല്ലാഹുവും റസൂലും അത് ചെയ്യുന്നവനോട് യുദ്ധം പ്രഖ്യാപിച്ചതായി കാണുന്നില്ല. എന്നാൽ പലിശയുമായി ബന്ധപ്പെടുന്നവനോട് അല്ലാഹുവും അവന്റെ റസൂലും യുദ്ധം പ്രഖ്യാപിച്ചിരിക്കുന്നു' (*തഫ്സീർ ഖുർത്വുബി* 3/364).

ഹറാമിലൂടെ വളർന്നുവരുന്ന ശരീരം നരകമല്ലാതെ അർഹിക്കുന്നില്ലെന്നാണ് പ്രവാചകമൊഴി (ത്വബറാനി). ഈമാനും പലിശ ഭോജനവും തമ്മിൽ ഒന്നിച്ചുപോവുകയില്ലെന്ന് ഖുർആൻ പറയുന്നു. അതുപോലെ പലിശയിടപാടിൽനിന്ന് അകന്നുനിൽക്കൽ തഖ്‌വയുടെയും വിശ്വാസത്തിന്റെയും ലക്ഷണമാണ്. വ്യഭിചാരവും പലിശയും ഒരു സമൂഹത്തിൽ കണ്ടു തുടങ്ങിയാൽ അവർ സ്വമേധയാ ദൈവിക ശിക്ഷ ക്ഷണിച്ചുവരുത്തുകയാണെന്ന് നബി (സ) താക്കീതു ചെയ്യുന്നു.

മിച്ചപ്പലിശയും അവധിപ്പലിശയും വട്ടപ്പലിശയുമെല്ലാം ഇസ്‌ലാമിക വീക്ഷണത്തിൽ നിഷിദ്ധമാണ്. പലിശയിടപാടുമായി സാമ്യമുള്ള മറ്റെല്ലാ ഇടപാടുകളും നിരോധത്തിന്റെ പരിധിയിൽ വരും. പലിശയിടപാടിലൂടെ സംജാതമാകുന്ന ഇഹ-പര നഷ്ടങ്ങൾ ഗൗനിക്കാതെ അതിനോട് വളരെ ഉദാസീന മനോഭാവം സ്വീകരിക്കുന്നവരുണ്ട്. ഈ മനോഭാവം തിരുത്തപ്പെടേണ്ടതാണ്. വ്യാപാര-ബിസിനസ് സംരംഭങ്ങളിൽ പങ്കാളികൾ തമ്മിൽ ലാഭനഷ്ട സാധ്യതയിൽ തുല്യപങ്കാളിയാവണമെന്നാണ് ഇസ്‌ലാമിക വ്യവസ്ഥ. അത് ലംഘിച്ച് മുൻകൂട്ടി നിശ്ചയിക്കുന്ന ലാഭവിഹിതം ഉറപ്പു നൽകുന്ന ഇടപാടുകളും സംരംഭങ്ങളും ഇസ്‌ലാമികദൃഷ്ട്യാ പലിശയുടെ ഇനത്തിൽപെടുന്നു. ●